# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 07/02/14

## ( 06 RABI'UL AAKHIR 1435 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

എല്ലാവർക്കും അസ്സലാമുഅലൈക്കും വറഹ്മത്തുല്ലാഹി വബർക്കാത്തുഹു ആശംസിച്ച ശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വുദു, സൂറ: അൽ ഫാത്തിഹ ഇവ ഓതിയശേഷം ഇപ്രകാരം പറഞ്ഞു തുടങ്ങി.

**<u>ഖാത്തമുന്നബിയ്യീൻ ഒരു വിശകലനം</u>**

ഖാത്തമുത്തബിയ്യീൻ  പദാനുപദമായ അർത്ഥം പറഞ്ഞാൽ പ്രവാചകന്മാരുടെ സീൽ / മുദ്ര എന്നാകുന്നു. വ്യാകരണ നിയമപ്രകാരം സംയുക്ത ശൈലിയാണ്. രണ്ടു വാക്കുകൾ കൂട്ടിച്ചേർത്ത് ഒരു ശൈലി ആയിത്തീരുക എന്നത് പ്രാഥമിക അറിവിൽപെട്ട കാര്യമാണ്. അത്തരം സന്ദർഭങ്ങളിൽ പദാനുപദ അർത്ഥം നല്കൽ ശരിയാകില്ല, അത് നിർബന്ധവുമല്ല. ഉദാഹരണത്തിന്  ഇബ്നു  എന്ന വാക്കിന്റെ അർത്ഥം പുത്രൻ എന്നാകുന്നു.  സബീൽ  എന്ന വാക്കിന്റെ അർത്ഥം വഴി എന്നുമാകുന്നു. ഈ രണ്ടു വാക്കുകൾ കൂടിച്ചേരുമ്പോൾ  ഇബ്നു സബീൽ  എന്നായിതീരുന്നു. ഈ സന്ദർഭത്തിൽ പദാനുപദ അർത്ഥമല്ല അവിടെ പ്രകടമാകുന്നത്. അതിന്റെ അർത്ഥം  പുത്രന്റെ വഴി  എന്നർത്ഥം നല്കാറുമില്ല. ഈ സംയുക്തവാക്കിന്റെ അർത്ഥം  യാത്രക്കാരൻ  എന്നാകുന്നു. മുഹമ്മദ് മുസ്തഫ (സ) യുടെ രീതിയും അങ്ങനെ ആയിരുന്നു. തന്റെ അനുചാരന്മാർക്ക് ഇത്തരത്തിലുള്ള ചില പേരുകൾ സന്ദർഭമനുസരിച്ച് നല്കാറുമുണ്ടായിരുന്നു. ഉദാഹരണത്തിന്, തന്റെ സഹോദരപുത്രനും, മരുമകനും, 4-ാം ഖലീഫയുമായിരുന്ന അലി (റ) ന്  അബൂ തുറാബ്  എന്ന നാമകരണം ചെയ്തിരുന്നു. ഇതിന്റെ പാദാനുപദ അർത്ഥം  പിതാവിന്റെ മണ്ണ്  എന്നാകുന്നു. എന്നാൽ നിശ്ചയമായും നമുക്കറിയാം ഹസ്രത് അലി (റ) ഈ പദാനു പദ അർത്ഥത്തിൽ ഉള്ള ആളല്ലായിരുന്നു എന്ന്. എന്നാൽ അല്ലാഹുവിന്റെ പ്രവാചകൻ (സ) ഈ പേര് അദ്ദേഹത്തിന് നല്കിയത് ഒരു ഗുണനാമം അഥവാവിശേഷ ഗുണം എന്ന നിലയിലായിരുന്നു. അല്ലാതെ പദാനുപദ അർത്ഥത്തിലായിരുന്നില്ല. ഒരു ശൈലിയുടെ (സംയുക്ത വാക്കുകളുടെ) അർത്ഥം നിശ്ചയിക്കുന്നത് വ്യാകരണ നിയമത്തിന്റെ അടിസ്ഥാനത്തിലാണ്. ഭാഷയിൽ അതിന്റെ പ്രയോഗവും, അതുപയോഗിക്കുന്ന സന്ദർഭവും കണക്കിലെടുത്തായിരിക്കും അതിന്റെ അർത്ഥം നിശ്ചയിക്കുന്നത്.

അറബി ഭാഷാ വ്യാകരണ നിയമത്തിൽ സ്ഥാപിതമായതും, മാറ്റമില്ലാത്തതുമായ നിയമമാണ് ഖാത്തം എന്ന വാക്ക് ഓരാളെ പുകഴ്ത്തി പറയുവാൻ ഉപയോഗിക്കുമ്പോൾ, ഖാത്തം എന്ന വാക്കിനോട് ഒരു പറ്റം കഴിവുറ്റ ആളുകളെ കൂട്ടിചേർക്കുമ്പോൾ ഖാത്തം എന്ന വാക്കുപയോഗിച്ചിരിക്കുന്ന ആൾ കാലം പരിഗണിക്കുമ്പോൾ അവസാനത്തെ ആൾ എന്ന അർത്ഥം കൊടുക്കാവതല്ല. ആ വാക്ക് ഉപയോഗിച്ച ആളിന്റെ അഭിപ്രായത്തിൽ, ഈ വാക്കിന്റെ അർത്ഥം ആ കഴുവുറ്റ ആളുകളുടെ കൂട്ടത്തിൽ പരിപൂർണ്ണനായവൻ, ശ്രേഷ്ഠ പദവിയിലെത്തിയവൻ, ആ പ്രത്യേക വിഭാഗമാളുകളിൽ ഏറ്റവും വലിയ സ്ഥാനത്തെത്തിയവൻ, എന്നർത്ഥമല്ലാതെ മറ്റൊരർത്ഥം കൊടുക്കാവതല്ല. ഇസ്‌ലാമിക സാഹിത്യത്തിലെമ്പാടും ഇത്തരത്തിലുള്ള പ്രയോഗങ്ങൾ കൊണ്ട് സമ്പന്നമായിട്ടുള്ളതാണ്. ഈ നിയമത്തിന് വിരുദ്ധമായി ഒരുദാഹരണം പോലും ആർക്കും കാണിക്കുവാൻ സാധിക്കുകയില്ല

ഉദാഹരണത്തിന്

**1. ഖാത്തമുശ്ശുഅറാഉ-** കവികളുടെ ഖാത്തം= അവസാനത്തെ കവി എന്ന് ഒരിക്കലും ഈ പ്രയോഗത്തിലൂടെ അർത്ഥം ലഭ്യമാകുന്നതല്ല, മറിച്ച് കവികളിൽ പരിപൂർണ്ണൻ അഗ്രഗണ്യൻ കവികളിൽ വെച്ച് ഏറ്റവും അധികം നേട്ടം കൊയ്തവൻ എന്നു മാത്രമെ ഇതിന് അർത്ഥമുള്ളു മറ്റൊരർത്ഥവും നല്കാവതല്ല.

2) ഖാത്തമുൽ മുഫസ്സരീൻ- വ്യാഖ്യാതാക്കളിൽ ശ്രേഷ്ഠൻ എന്നല്ലാതെ വ്യാഖ്യാതാക്കളിൽ അന്ത്യൻ എന്ന് അർത്ഥം പറയാവതല്ല.

ഇതുപോലെ  ഖാത്തം  എന്നവാക്ക്  കഴിവുറ്റ ആളുകളുടെ സംഘത്തിൽ  ധാരാളം സ്ഥലങ്ങളിൽ പ്രയോഗിച്ചിട്ടുണ്ട്. ഉദാഹരണമായി  ഖാത്തമുൽ മുഹഖഖീൻ ,  ഖാത്തമുൽ മുഹദ്ദതീൻ ,  ഖാത്ത മുൽ ഹുക്കാമി ,ഖാത്തമുൽ മുഅല്ലിമീൻ , ഖാത്തമുൽ അവ്‌ലിയാ , മേൽ ഉപയോഗിച്ച ഒരുപദപ്രയോഗത്തിലും, ലോകത്തു വന്ന അവസാനത്തെ ആൾ, അഥവാ ലോകത്തു പ്രത്യക്ഷമായ അവസാനത്തെ വ്യക്തി എന്ന അർത്ഥത്തിൽ ഉപയോഗിച്ചിട്ടില്ല എന്നുമാത്രമല്ല, ഉപയോഗിക്കാവതുമല്ല. മറിച്ച് ഉപയോഗിച്ചതെല്ലാം ബഹുവചന നാമത്തിൽ പറയപ്പെട്ട വിഭാഗത്തിലെ അതിശ്രേഷ്ഠൻ എന്നല്ലാതെ മറ്റൊരർത്ഥത്തിൽ പ്രയോഗിച്ചിട്ടില്ല, പ്രയോഗിക്കാവതുമല്ല.

ഖാത്തം എന്നവാക്ക് ഒരു വ്യക്തിയ പുകഴ്ത്താൻ അല്ലാത്ത നിലയിൽ ഉപയോഗിക്കുമ്പോൾ, ഖാത്തം, എന്ന വാക്കിനോട് ചേർക്കുന്ന വാക്ക്  കഴിവുറ്റ ആളുകളുടെ സംഘത്തിൽ പെടാത്തതാണെങ്കിൽ, അത്തരം സന്ദർഭങ്ങളിൽ, അവസാനത്തേത് അഥവാ ആ സമയത്തെ അവസാനത്തേത് എന്ന അർത്ഥത്തിൽ ഉപയോഗിക്കാവുന്നതാണ് കാരണം ആ സന്ദർഭത്തിൽ ഒരാളിന്റെ കഴിവിനെ പുകഴ്ത്തി പറയുവാനല്ല ഉപയോഗിക്കുന്നത്; പിന്നെയോ, ഒരു വസ്തുതയെ പ്രസ്താവിക്കുന്നു എന്നുമാത്രം. ഉദാഹരണമായി പറഞ്ഞാൽ  ഖാത്തമുൽ അവ്‌ലാദ് അർത്ഥം  അവസാനം ജനിച്ചകുട്ടി. അവസാനം ജനിക്കുന്നത് ഒരു ഗുണവിശേഷണമല്ല. കുട്ടിയെ പുകഴ്ത്തുന്നതിന് വേണ്ടിയല്ല ഉപയോഗിച്ചിരിക്കുന്നത്.  ഒരു വസ്തുത പറയുന്നു എന്നുമാത്രം. അവൻ ഏറ്റവും ഇളയതാണ്. അത്രതന്നെ. അതുപോലെ  ഖാത്തമുൽ മുഹാജിരീൻ എന്ന് മുഹമ്മദ് (സ) തന്റെ പിതൃ സഹോദരനായ അബ്ബാസ് (റ) നെക്കുറിച്ച് പറയുകയുണ്ടായി. ഹിജ്റ ചെയ്തതിൽ അവസാനത്തെ ആൾ (മുഹമ്മദ് (സ) ന്റെ കാലത്ത് ഇസ്‌ലാമിലെ ഹിജ്റയുടെ സന്ദർഭത്തിൽ) എന്നു പറയുകയുണ്ടായി. കാരണം ഹിജ്റ  ചെയ്യുക എന്നത് ഒരു കഴിവ് അല്ല: അതുപോലെ ഹിജ്റ ചെയ്ത അവസാനത്തെ ആളെ പുകഴ്ത്തിപ്പറയുവാൻ ഉപയോഗിച്ചതുമല്ല. ഈ വസ്തുത അവഗണിക്കുന്നതുമൂലമാണ്, ഈ പദാർത്ഥം മനസ്സിലാക്കുന്നതിൽ മുസ്‌ലീംകളിൽ അഭ്യസ്ത വിദ്യർക്കുപോലും തെറ്റുപറ്റിയിരിക്കുന്നത്, അല്ലെങ്കിൽ അവർ ഇക്കാര്യം മനസ്സിലാക്കിയിട്ട് മനസ്സിലാക്കാത്തവരെ പോലെ നടിക്കുകയാണ്. അവരുടെ ബധിര വാദങ്ങൾക്ക് ശക്തിപകരാൻ ഈ വാക്കുകളെ ദുരുപയോഗം ചെയ്യുന്നു; എന്നിട്ടവർ പറയുന്നു, മുഹമ്മദ് (സ) അവസാനത്തെ പ്രവാചകനാണ്, അക്ഷരത്തിലും അർത്ഥത്തിലും.

ഞാൻ പറഞ്ഞ അറബിഭാഷാവ്യാകരണ നിയമങ്ങൾ മനസ്സിൽ വെച്ചുകൊണ്ട് ചിന്തിച്ചാൽ സത്യാന്വേഷിയായ ഏതൊരാൾക്കും വ്യക്തമാവുന്നതാണ്, ഖാത്തമുന്നബിയ്യീൻ എന്ന സംയുക്ത വാക്ക് ഉപയോഗിച്ചിരിക്കുന്നത്, വിശുദ്ധ പ്രവാചകൻ (സ) നെ പുകഴ്ത്തി പറയുന്ന രീതിയിലാണെന്ന്. പ്രവാചകന്മാരിൽ ഏറ്റവും പരിപൂർണ്ണനായ, പ്രവാചകന്മാരിൽ ഏറ്റവും ഉത്തമനായ, പ്രവാചകന്മാരിൽ ഏറ്റവും ഉന്നത സ്ഥാനത്ത് വിരാചിക്കുന്ന പ്രവാചകശ്രേഷ്ഠൻ, പ്രവാചകത്വത്തിന്റെ, അവസാനത്തെ, അന്തിമമായ, സമുന്നതമായ പദവിയിലെത്തിയ പ്രവാചകൻ. അദ്ദേഹത്തെക്കാൾ ഉന്നതനായതും, മഹത്വപൂർണ്ണനായവനുമായ മറ്റൊരു പ്രവാചകനും ഇനി വരാനില്ല. അദ്ദേഹത്തെ ശരിവെച്ചുകൊണ്ട്, അദ്ദേഹത്തിന്റെ അനുയായി ആയി പ്രവാചകന്മാർക്കു വരാവുന്നതാണ്. അപ്രകാരം വരുന്നതുമൂലം അദ്ദേഹത്തിന്റെ മഹത്വത്തിനു യാതൊരു കോട്ടവും തട്ടുന്നതല്ല; മറിച്ച് അദ്ദേഹത്തിന്റെ മഹത്വം വർദ്ധിക്കുന്നതാണ്. ഈ പദസഞ്ജയത്തിൽ നിന്നും വിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) യും ഇസ്‌ലാമിലെ സമുന്നത ചിന്തകരും മനസ്സിലാക്കിയിട്ടുള്ളതും അപ്രകാരം തന്നെയാണ്.

**വിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ (സ) അലി(റ) നെപ്പറ്റി ഇപ്രകാരം പറഞ്ഞതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. ഓ! അലി, ഞാൻ  ഖാത്തമുൽ അമ്പിയാഉ  ആയതുപോലെ താങ്കൾ  ഖാത്തമുൽ ഔലിയഉ ആകുന്നു. (തഫ്സീർ സാഫി പേജ് 111)**

ഹസ്രത് അലി (റ) അവസാനത്തെ  വലി ആണ് എന്നു പറയാൻ കഴിയില്ല എന്നത് സുവ്യക്തമാണല്ലോ. അതുകൊണ്ടുതന്നെ ഈ സംയുക്ത പദത്തെ അവസാനത്തെ എന്നർത്ഥത്തിലല്ല നബികരീം (സ) ഉപയോഗിച്ചിരിക്കുന്നത് എന്നത് വ്യക്തമാണല്ലോ. ഇതുകൊണ്ട് അർത്ഥമാക്കുന്നത് അലി  വലിയ്യ് മാരിൽ ഏറ്റവും ശ്രേഷ്ഠനാണെന്നും, വിശുദ്ധ പ്രവാചകൻ (സ) നബിമാരിൽ ഏറ്റവും ശ്രേഷ്ഠൻ എന്നുമാണ് എന്നത് സംശയലേശമന്യേ വ്യക്തമാണ്. ഇസ്‌ലാമിലെ ഭൂരിഭാഗം പണ്ഡിതന്മാരും  ഖാത്തം എന്ന വാക്കിന്റെ ഒരർത്ഥം നിഷേധിക്കുന്നു. കാരണം ആ വാക്കിന്റെ ഉറവിടം ദുർബലമാണെന്നും, റിപ്പോർട്ടർമാരുടെ ശൃംഖല പൂർണ്ണമാകുന്നില്ല എന്നതുമാണ് അവരുടെവാദമെന്നു കരുതേണ്ടിയിരിക്കുന്നു. ചുരുക്കിപ്പറയുകയാണ്, അല്ലാഹുവിന്റെ തിരു ദൂതൻ (സ) ന്റെ വായിൽ നിന്നും വന്ന ആയിരക്കണക്കിനു സത്യ ഹദീതുകൾ മാറ്റി നിർത്തിയിരി

ക്കുകയാണ്; എന്നിട്ടവ മറന്നിരിക്കുകയാണ്. കാരണം അവരുടെ പദാനുപദ അപഗ്രഥനത്തിലും, വ്യാഖ്യാനത്തിലും ശരിയാകുന്നില്ല എന്നതാണ് കാരണം അങ്ങനെ അവസാനകാലത്തെ സംബന്ധിച്ച് പറഞ്ഞിട്ടുള്ള അനേകം പ്രവാചക വചനങ്ങൾ, മഹ്ദിയുടെയും മസീഹിന്റെയും വരവിനെക്കുറിച്ചുള്ളവ, മഹ്ദിയും മസീഹും ഒരാളാണ് എന്നതു സംബന്ധിച്ച്, ഇസ്ലാം അല്ലാതെ മറ്റൊരു സമുദായവും ഇത്തരത്തിലുള്ള പ്രഖ്യാപനങ്ങൾ / പ്രവചനങ്ങൾ നടത്തിയിട്ടില്ല. ഇവയൊക്കെ ചരിത്രത്തിൽ നിന്നും നീക്കം ചെയ്യുകയോ നിശ്ശബ്ദത പാലിക്കുകയോ ചെയ്തിരിക്കുകയാണ്. എന്നാൽ, മറച്ചുവെച്ച ഈ സത്യങ്ങളെ / ഈ അധ്യാപനങ്ങളെ വീണ്ടും വെളിപ്പെടുത്തുവാനും അല്ലാഹു കഴിവുറ്റവനാകുന്നു. തന്റെ വിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ)ന്റെ വിശുദ്ധ വചനങ്ങളുടെ യഥാർത്ഥ അർത്ഥം വെളിപ്പെടുത്തുകയും ഇസ്ലാമിന്റെ മഹത്വം തിരികെ കൊണ്ടുവരുകയും ചെയ്യുന്നതാണ്.

**"മുഹമ്മദ് മുസ്തഫ (സ)യുടെ ഭാര്യ ഹസ്രത് ആയിശ (റ) മുഹമ്മദ് (സ) നെപറ്റി പറഞ്ഞതായി റിപ്പോർട്ട് ചെയ്തിരിക്കുന്നു. അദ്ദേഹം ഖാത്തമുൽ അമ്പിയാഉ ആണെന്നു നിങ്ങൾ പറഞ്ഞുകൊള്ളുക. അദ്ദേഹത്തിനു ശേഷം പ്രവാചകൻ വരില്ല എന്നു പറയരുത്."**

(ദുർറേ മൻസൂർ വാള്യം 5, പേജ് 104, തക്മിലമജ്മഉൽ ബിഹാർ വാള്യം 4 പേജ് 85)

ഇപ്പോൾ നോക്കു ഖത്തം എന്നവാക്കിന് അവസാനത്തേത് എന്നാണ് അർത്ഥമെങ്കിൽ ആയിശ (റ) എന്തേ ഇങ്ങനെ പറഞ്ഞത്? ധിക്കാരികളും കുഴപ്പകാരികളുമായ ചില പണ്ഡിതന്മാർ ആയിശ (റ) യുടെ ഈ വചനത്തെ ആക്ഷേപിക്കുകയും ഉപയോഗശൂന്യം എന്ന് വിധിക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ ആയിരം വർഷത്തിലധികമായി ഇസ്ലാമിക സാഹിത്യത്തിൽ **ഉപയോഗശൂന്യമെന്ന്** വിധിച്ച ഈ പ്രസ്താവനയെ, ഇസ്ലാമിക പണ്ഡിതന്മാരും, മഹാന്മാരായ സത്യാത്മാക്കളും രേഖപ്പെടുത്തുകയും ഇപ്പോഴും ഈ പ്രസ്താവനയെ വ്യാഖ്യാനിക്കുകയും വിശദീകരിക്കുകയും ചെയ്യുന്നതിനെകുറിച്ച് ഈ ധിക്കാരികളായ പണ്ഡിതന്മാർക്ക് എന്താണ് പറയുവാനുള്ളത് ഉദാഹരണത്തിന്,

**1. ഇമാം മുഹമ്മദ് താഹിർ (മരണം 986 ഹിജ്റ) രേഖപ്പെടുത്തുന്നു.**

***ഈ (പ്രസ്താവന) ഈസ (അ) ന്റെ വരവിനെ കുറിച്ചാണ്. എനിക്ക് ശേഷം പ്രവാചകനില്ല. എന്ന പ്രവാചക വചനത്തിന്നെതിരുമല്ല ഇതിലൂടെ അദ്ദേഹം (വിശുദ്ധ പ്രവാചകൻ) അർത്ഥമാക്കിയത് അദ്ദേഹത്തിന്റെ ശരീഅത്തിനെ റദ്ദു ചെയ്യുന്ന പ്രവാചകനില്ല.***
***(തക്മില മജ്മഉൽ ബിഹാർ പേജ് 88)***

**2. ഹസ്രത് മുഹ്യിദ്ദീൻ ഇബ്നു അറബി ( മരണം 638 ഹിജ്റ) എഴുതുന്നു.**

**"വിശുദ്ധ പ്രവാചകനിലൂടെ നുബുവ്വത്ത് അവസാനിച്ചിരിക്കുന്നു, എന്നതുകൊണ്ടർത്ഥമാക്കുന്നത്. ശരീഅത്തുമായുള്ള നുബുവത്തു അവസാനിച്ചിരിക്കുന്നു. അല്ലാതെയുള്ള നുബുവ്വത്ത് അവസാനിച്ചു എന്നല്ല. എനിക്കു ശേഷം പ്രവാചകനില്ല എന്ന് പറഞ്ഞ പ്രവാചക വചനത്തിന്റെ അർത്ഥം ഞാൻ കൊണ്ടുവന്ന നിയമത്തിന് എതിരിൽ ഒരു പ്രവാചകനും വരില്ല എന്നതാകുന്നു. മറ്റൊരുരീതിയിൽ പറഞ്ഞാൽ അദ്ദേഹത്തിനു ശേഷം ആഗതരാകുന്ന പ്രവാചകൻ അദ്ദേഹത്തിന്റെ നിയമത്തിൻ കീഴിലായിരിക്കും."**

**തുടർന്ന് അദ്ദേഹം വീണ്ടും വിശദീകരിക്കുന്നു. വിധിനാൾവരേക്കും പ്രവാചകത്വം തുടരുന്നതാണ്, എന്നാൽ ശരീഅത്ത് നിയമം അവസാനിച്ചിരിക്കുകയാണ് പ്രവാചകത്വത്തിന്റെ ഒരു ഭാഗം മാത്രമാണ് നിയമം കൊണ്ടുവരുക എന്നത് ശരീഅത്തില്ലാതെ ഈസ (അ) ഇറങ്ങുന്നതാണ്. എന്നാൽ അദ്ദേഹം സംശയലേശമന്യേ ഒരു പ്രവാചകനായിരിക്കും**

**(ഫുത്തൂഹാത്തെ മക്കിയ്യ വാള്യം 2 PP3,100)**

**3. അല്ലാമ അബ്ദുൽ വഹ്ഹാബ് ശിറാനി (മരണം 972 ഹിജ്റ) എഴുതുന്നു.**

**അറിയുക, പ്രവാചകത്വം പരിപൂർണ്ണമായും അവസാനിച്ചിട്ടില്ല. ശരീഅത്തുമായുള്ള പ്രവാചകത്വം മാത്രമാണ് അവസാനിച്ചിട്ടുള്ളത് അഥവ ഉയർത്തിയിട്ടുള്ളത്. കഴിഞ്ഞകാലങ്ങളിൽ ഈലോകത്ത് പ്രവാചകന്മാർ വന്നിട്ടുണ്ട് വരും കാലങ്ങളിലും പ്രവാചകന്മാർ വന്നുകൊണ്ടിരിക്കും അവരെയെല്ലാം വിശുദ്ധ പ്രപവാചകൻ മുഹമ്മദ് (സ) ന്റെ ശരീഅത്തിനെ പിന്താങ്ങുവാൻ മാത്രമായിരിക്കും. എന്നാൽ വളരെയധികം ആളുകൾക്കും ഈ കാര്യം അറിയില്ല. (അൽയവാക്കിള് വൽജവാഹിർ)**

**4. ഇമാം ഫക്റുദ്ദീൻ റാസി (മരണം 606 ഹിജ്റ) വിശദീകരിക്കുന്നു.**

**ഖാത്തം എന്നവാക്ക് ഏറ്റവും സമുന്നതസ്ഥാനത്തായിരിക്കൽ അത്യാവശ്യമാണ്. നോക്കൂ... വിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) ഏറ്റവും മഹോന്നതസ്ഥാനത്താണെന്ന് പ്രഖ്യാപിച്ചിരിക്കുന്നു. ഇഹലോകസൃഷ്ടികളിൽ ഖത്തം ആണെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. (തഫ്സീറെ കബീർ വാള്യം 6,പേജ് 31)**

**ഖാത്തം എന്ന വാക്കിന്റെ അർത്ഥം**

ഖാത്തമുന്നബിയ്യീൻ എന്ന സംയുക്ത പദത്തിന്റെ സന്ദർഭം പരിഗണിക്കുന്നതിനുമുമ്പ് ഖത്തം എന്ന വാക്കിന്റെ പദാർത്ഥം എന്തെന്നു നോക്കാം. ഖാത്തം എന്നാൽ സീൽ എന്നർത്ഥം മറ്റുള്ളവയിൽ പതിപ്പിക്കുവാൻ ഉപയോഗിക്കുന്ന ഒരു ഉപകരണം എന്നുസാരം. സീൽ പതിപ്പിക്കുന്നതിന്റെ ഉദ്ദേശം, സീൽ വാഹകന്റെ ഔദ്യോഗിക അംഗീകാരം അതിനുണ്ട് എന്ന് സാരം. ഖാത്തമുന്നബിയ്യീൻ എന്നു പറഞ്ഞാൽ- പ്രവാചകന്മാരുടെ മുദ്ര- എന്നാണർത്ഥം. ഒരു പ്രവാചകൻ, മറ്റു പ്രവാചകന്മാരെ, ശരിയായ നിലയിൽ വന്നവരാണെന്നു സാക്ഷ്യപ്പെടുത്തുക. നുബുവ്വത്തിനെ കുറിച്ച് അംഗീകാരം നല്കുക, സമ്പൂർണ്ണമായ നിലയിൽ തന്നെ അനുസരിക്കുന്ന ആളാണെന്ന് അംഗീകരിക്കുക, അത്തരത്തിലുള്ള തന്റെ തെരഞ്ഞെടുക്കപ്പെട്ട അനുയായികൾക്ക് പ്രവാചകത്വത്തിന്റെ മുദ്ര ചാർത്തികൊടുക്കുന്നതാണ്-എന്ന് സാരം.

**അല്ലാഹുവിനെയും മുഹമ്മദ് (സ) നെയും അനുസരിച്ചാൽ**

വിശുദ്ധപ്രവാചകൻ മുഹമ്മദ് (സ) പ്രവാചകത്വം ഉൾപ്പെടെയുള്ള എല്ലാ ആത്മീയാനുഗ്രഹങ്ങളുടെയും ഉറവിടമാണ് എന്നത് സത്യമായ ഒരു വസ്തുതയാണ്. വിശുദ്ധ ഖുർആൻ 4-ാം അധ്യായം 70-ാം വചനം ഇതിനെ സാധൂകരിക്കുന്നു.

**"വല്ലവരും അല്ലാഹുവിനെയും ഈ ദൈവദൂതനെയും അനുസരിക്കുന്നതായാൽ, അവർ അല്ലാഹു അനുഗ്രഹിച്ചിട്ടുള്ള പ്രവാചകന്മാർ, സത്യാത്മാക്കൾ, രക്തസാക്ഷികൾ, സദ്വൃത്തന്മർ എന്നിവരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നതാണ്. ഏറ്റവും നല്ല കൂട്ടുകാരത്രെ അവർ (4.70)"**

പ്രവാചക പ്രഭു മുഹമ്മദ് മുസ്തഫ (സ) യെ അനുസരിക്കുന്നതിലൂടെ മുകളിൽ പ്രസ്താവിച്ച നാല് ആത്മീയ പദവികളും നേടാൻ കഴിയുന്നതാണ് എന്നു ഈ വിശുദ്ധ വചനം നമ്മെ പഠിപ്പിക്കുന്നു.

വിശുദ്ധ ഖുർആനിലെ 57-ാം അധ്യായത്തിലെ 20-ാംവചനം മുകളിൽ പറഞ്ഞ വചനവുമായി താരതമ്യം ചെയ്തു നോക്കുമ്പോൾ അതിന്റെ പ്രാധാന്യം നമുക്ക് ഒന്നുകൂടി വ്യക്തമാകുന്നതാണ്.

**"അല്ലാഹുവിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുന്നവരാരോ, അവർ തങ്ങളുടെ നാഥന്റെ ദൃഷ്ടിയിൽ സത്യസന്ധന്മാരും (സിദ്ദീഖ്) (സത്യത്തിന് സാക്ഷ്യം വഹിക്കുന്നവരും (ശുഹദാഅ്) ആകുന്നു."57:20**

ഈ രണ്ടു വചനങ്ങളെ ഒരുമിച്ച് അവലോകനം നടത്തി നോക്കുമ്പോൾ, നമുക്ക് പെട്ടെന്ന് മനസ്സിലാകുന്ന ഒരു കാര്യം, പൊതുവിലുള്ള എല്ലാ പ്രവാചകന്മാരെയും പിൻപറ്റുന്നവർക്ക്, രക്ത സാക്ഷികളുടെയും, സിദ്ദീഖീങ്ങളുടെയും പദവിവരെ ലഭിക്കുന്നതാണ്. അതിനുമുകളിലേക്കില്ല. എന്നാൽ ഈ പ്രവാചകനെ (മുഹമ്മദ് (സ) പിൻപറ്റുന്നവർക്ക്, മുകളിൽ സൂചിപ്പിച്ചതിനേക്കാൾ ഉന്നതവും അനുഗ്രഹപ്രദവുമായ പ്രവാചകത്വ പദവിയിലേക്ക് ഉയരുവാൻ കഴിയുന്നതാണ്. ആ പ്രവാചകത്വ പദവി എപ്പോഴൊക്കെ ആവശ്യമായി വരുമോ അപ്പോഴൊക്കെ അല്ലാഹു പ്രദാനം ചെയ്യുന്നതാണ്.

സീൽ എന്നവാക്കിന് അടയ്ക്കുക / പൂർത്തിയാക്കുക എന്നീ അർത്ഥങ്ങൾ നല്കുന്നത് ഈ വാക്കിന്റെ യഥാർത്ഥ അർത്ഥത്തിനോ ലക്ഷ്യത്തിനോ ചേർന്നതല്ല. ചുരുക്കത്തിൽ ഒരു കവറിന്റെ പുറത്തോ അല്ലെങ്കിൽ പൂട്ടിന്റെ പുറത്തോ സീൽ പതിപ്പിക്കുന്നു എന്നു പറഞ്ഞാൽ അത് അടയ്ക്കുവാനല്ല, മറിച്ച്, അതിൽ അടങ്ങിയിരിക്കുന്നത് ശരിയാണ് എന്ന് സാക്ഷ്യപ്പെടുത്തൽ മാത്രമാണ്. പശ ഉപയോഗിച്ചോ, പൂട്ട് ഉപയോഗിച്ചോ, കവർ അടയ്ക്കുന്നു. സീലിന്റെ ഉടമസ്ഥനാണ് ഈ കവർ അടച്ചിരിക്കുന്നതെന്നു സാക്ഷ്യപ്പെടുത്തലാണ് സീൽ പതിപ്പിക്കുന്നതു കൊണ്ടുദ്ദേശിക്കുന്നത്. സീൽ പതിപ്പിക്കുന്നത് അവ്യക്തമാവുകയോ, കേടുവരുത്തുകയോ ചെയ്താൽ, കവറിൽ സൂക്ഷിച്ചിരിക്കുന്ന വസ്തു തിരസ്ക്കരിക്കുന്നതാണ്. കാരണം കവറിൽ ഉള്ള സാധനം ശരിയായുള്ളതാണ് എന്ന് അതിന്റെ അതോറിട്ടി മുദ്രപതിപ്പിക്കുന്നതിലൂടെ തെളിയിക്കുന്നില്ല, എന്നു സാരം. സീലിന്റെ പ്രാഥമികവും യഥാർത്ഥവുമായ അഥവാ ഔദ്യോഗിക അംഗീകാരം നല്കി വിതരണയോഗ്യമാക്കുക.

**5. <u>മൗലാനാ മുഹമ്മദ് ഖാസിം നാനോത്വി, ഇസ്ലാമിലെ, ദയൂബ്ന്ദ് പഠനശാലയുടെ സ്ഥാപകൻ ഖാത്തം എന്ന വാക്ക് വിശദീകരിച്ചിരിക്കുന്നത് താഴെ പറയും പ്രകാരമാണ്.</u>**

ഖാത്തം - സീൽ വസ്തുക്കളിൽ പതിപ്പിക്കുന്നത്, ആസീലിന്റെ ചാരുത പതിപ്പിക്കുന്ന വസ്തുവിലൂടെ തെളിയുന്നതിനാണ്, സ്വയം പ്രകാശഭരിതമായതിൽ നിന്നും , തന്റെ മഹാന്മാരായ അനുയായികളിലേക്ക് ആ പ്രകാശം വ്യക്തിപരമായി ബാധിക്കുന്നതിനാണ്. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ)ന്റെ പ്രവാചകത്വം, തന്റെ അനുഗൃഹീത വ്യക്തിത്വത്തിലെ സഹജമായ പ്രതിഭാസമാണ്, എന്നാൽ മറ്റു പ്രവാചകന്മാർക്ക് ലഭിക്കുന്ന പ്രവാചകത്വം, അദ്ദേഹത്തിന്റെ പ്രവാചകത്വത്തിന്റെ ബിഹിർ സ്ഫുരണം മാത്രമാണ്. അദ്ദേഹത്തിന്റെ അനുഗ്രഹത്താലാണ് മറ്റുള്ളവർക്ക് പ്രവാചകത്വ പദവിലഭിക്കുന്നത്, എന്നാൽ അദ്ദേഹം ആരുടെയും അനുഗ്രഹത്താൽ പ്രവാചകനായതല്ല. അതുകൊണ്ടാണുപറയുന്നത്, അദ്ദേഹത്തോടെ പ്രവാചകത്വം നിലച്ചുപോയി എന്ന്. മനസ്സിലാക്കുക ആയതിനാൽ അദ്ദേഹം അല്ലാഹുവിന്റെ പ്രവാചകനാണ്, അതോടൊപ്പം പ്രവാചകന്മാരുടെ പ്രവാചകനുമാണ്. (തഫ്സീറുന്നാസ് പേജുകൾ 3,4,10)

**6. <u>മൗലാനാ ശബീർ അഹ്മദ് ഉസ്മാനി, ശൈഖുൽ ഇസ്ലാം. പാക്കിസ്ഥാൻ</u>**

ഖാത്തമുന്നബിയ്യീൻ എന്ന സംയുക്ത പദത്തെ വ്യാഖ്യാനിച്ചുകൊണ്ട് തന്റെ, വിശുദ്ധ ഖുർആൻ പരിഭാഷയിൽ എഴുതുന്നു. **"അതുകൊണ്ട് നമുക്ക് പറയാം ( വിശുദ്ധ പ്രവാചകൻ (സ) പ്രവാചകന്മാരുടെ മുദ്രയാണ് എന്ന്. പദവിയോടൊപ്പം സമയവും കണക്കിലെടുക്കേണ്ടതാണ്. അങ്ങനെ പ്രവാചകത്വം കിട്ടുന്നവർ അദ്ദേഹത്തിന്റെ സീൽ പതിപ്പിക്കുന്നതിലൂടെയാണ് ആ പദവി കരസ്ഥമാക്കുന്നത്."**

ഖാത്തമുന്നബിയ്യീൻ എന്ന സംയുക്ത പദത്തെ, അതിന്റെ സന്ദർഭം കണക്കിലെടുത്ത് നമുക്ക് പഠനവിധേയമാക്കാം. സന്ദർഭത്തിന്റെ വെളിച്ചത്തിലാണ്, ഒരു വാക്കിന്റെ യഥാർത്ഥവും ശരിയായതുമായ അർത്ഥം കണ്ടു പിടിക്കേണ്ടത്. അല്ലാഹു (ത) വിശുദ്ധ ഖുർആനിൽ പറയുന്നു.

**മുഹമ്മദ് നിങ്ങളിൽ ഒരു പുരുഷന്റെയും പിതാവല്ല. പക്ഷേ, അദ്ദേഹം അല്ലാഹുവിന്റെ ദൂതനും എല്ലാ പ്രവാചകന്മാരുടെയും മുദ്രയുമാകുന്നു. അല്ലാഹു എല്ലാ കാര്യത്തെകുറിച്ചും നല്ലവണ്ണം അറിയുന്നവനാകുന്നു. (33. 41)**

ഈ വചനത്തിൽ എന്നാൽ എന്നവാക്ക് പ്രത്യേകം ശ്രദ്ധിക്കേണ്ടത്ണ്. രണ്ട് വാചകങ്ങളെ കൂട്ടിച്ചേർക്കുന്നതിനു വേണ്ടി ഉപയോഗിക്കുന്ന ഒരു പദമാണ് **<u>എന്നാൽ.</u>** ഒന്നാം വാചകത്തിൽ എന്തെങ്കിലും സംശയമോ, എതിർപ്പോ ഉണ്ടെങ്കിൽ അതു നീക്കം ചെയ്യുവാനാണ്, എന്നാൽ എന്ന പദം ചേർത്തിരിക്കുന്നത്. ഖാത്തമുന്നബിയ്യീൻ (പ്രവാചകന്മാരുടെ മുദ്ര) എന്ന പദത്തിന് ആരെങ്കിലും വ്യഖ്യാനം നല്കി അവസാനത്തെ പ്രവാചകൻ എന്നു അർത്ഥം പറഞ്ഞാൽ, (പൊതുവായി ധരിച്ചിരിക്കുന്നത്) അങ്ങനെയാണ്. ഈ വചനത്തിലൂടെ അല്ലാഹു നല്കിയ വിവരത്തെ നമുക്ക് താഴെപറയും പ്രകാരം ചുരുക്കി പറയാവുന്നതാണ്.

1) മുഹമ്മദ് (സ) ആരുടെയും പിതാവല്ല, എന്നാൽ അന്ത്യപ്രവാചകനാണ് അല്ലെങ്കിൽ -

2) മുഹമ്മദ് (സ) തന്റെ വംശപരമ്പരയുടെ അവസാനമാണ്, എന്നാൽ അദ്ദേഹം പ്രവാചകനിരയിലെ അവസാനത്തേതാണ്.

3) അല്ലെങ്കിൽ മുഹമ്മദ് (സ) നെ തുടർന്നുവരാൻ പുത്രന്മാരാരുമില്ല, എന്നാൽ അദ്ദേഹത്തിനു ശേഷം ഒരു പ്രവാചകനുമില്ല.

വീണ്ടും ഈ വചനങ്ങളെ അപഗ്രഥിക്കുക **<u>എന്നാൽ</u>** എന്ന വാക്കിന്റെ ഉപയോഗത്തെ കുറിച്ച് ചിന്തിക്കുക. അപ്പോൾ ഒരു കാര്യം വ്യക്തമാവും ഓരോ വാചകത്തിന്റെയും രണ്ട് ഭാഗങ്ങൾ വിപരീതാർത്ഥം സൂചിപ്പിക്കുന്നു. **<u>എന്നാൽ</u>** എന്നവാക്കുപയോഗിക്കുമ്പോൾ, ഒന്നാമത്തെ പ്രസ്താവനയിൽ എന്തങ്കിലും നഗറ്റീവ് (Negative) ആയിട്ട് ഉണ്ടെങ്കിൽ അടുത്ത വാചകത്തിൽ പോസിറ്റീവ് (Positive) ആയിട്ട് ഉണ്ടാകണം. അത് തിരിച്ചുവരാവുന്നതാണ്. ഒന്നാം പ്രസ്താവനയിൽ എന്തെങ്കിലും ഒരു വസ്തുത നിഷേധിച്ചിട്ടുണ്ടെങ്കിൽ, രണ്ടാം പ്രസ്താവനയിൽ അതിനെ പരിഹരിച്ചുകൊണ്ട് അനുകൂലമായ പ്രസ്താവന നടത്തി അതിനു പരിഹാരം കാണേണ്ടതാണ്. **<u>എന്നാൽ</u>** എന്ന പ്രയോഗത്തിൽ ഇത് ഒഴിച്ചുകൂടാൻ പാടില്ലാത്തതാകുന്നു.

ഖാത്തയുന്നബിയ്യീൻ - പ്രവാചകന്മാരുടെ മുദ്ര - എന്ന സംയുക്ത പദത്തിന് പരമോന്നതനായ പ്രവാചകൻ, അത്യുന്നതിയിലുള്ള പ്രവാചകൻ, പ്രവാചകന്മാരായി അംഗീകരിച്ച് വിടുന്ന ഉന്നത പ്രവാചകൻ എന്ന

അർത്ഥത്തിൽ, ഈ വാക്കിനെ വീണ്ടും അപഗ്രഥിക്കുമ്പോൾ താഴെ പറയുന്ന നിലയിൽ അർത്ഥം പറയാവുന്നതാണ്

1) മുഹമ്മദ് ഒരു പുരുഷന്റെയും പിതാവല്ല എന്നാൽ അദ്ദേഹം പ്രവാചകന്മാരുടെ പിതാവ്/തലവനാണ്- അല്ലെങ്കിൽ

2) മുഹമ്മദ് തന്റെ വംശതലമുറയുടെ അവസാനത്തെ ആളാകുന്നു, എന്നാൽ അദ്ദേഹം പ്രവാചകശൃംഖലയിൽ ഏറ്റവും ഉയരത്തിൽ വിരാചിക്കുന്ന ആളാകുന്നു- അല്ലെങ്കിൽ

3) മുഹമ്മദിനുശേഷം തന്റെ പുത്രന്മാരായി ആരും ഉണ്ടായിരിക്കുകയില്ല, എന്നാൽ അദ്ദേഹത്തിനു ശേഷം ആത്മീയ പുത്രന്മാരായ പ്രവാചന്മാർ ഉണ്ടായിരിക്കും.

മുകളിൽ കൊടുത്തിരിക്കുന്ന വാചകങ്ങളിൽ **എന്നാൽ** എന്ന പ്രയോഗം പൂർണ്ണമായും ശരിയായ നിലയിലാണ് ഉപയോഗിച്ചിട്ടുള്ളത്. കാരണം വാചകത്തിന്റെ ഒന്നാം ഭാഗത്തിൽ ഒരു വസ്തു നിഷേധിക്കുമ്പോൾ, രണ്ടാംഭാഗത്തിൽ അനുകൂലമായ പ്രസ്താവനയാൽ മറ്റൊരു വസ്തു സാധൂകരിക്കുന്നുണ്ട്. (ഒരു കാര്യം നാം മനസ്സിലാക്കേണ്ടതായിട്ടുണ്ട്. അതായതു ഒരു പ്രവാചകൻ , തന്റെ അനുയായികളുടെ ആത്മീയ പിതാവാകുന്നു. കാരണം പ്രവാചകന്മരുടെ ഭാര്യമാർ അനുയായികളുടെ മാതാക്കളായി വിശുദ്ധഖുർആൻ പ്രഖ്യാപിച്ചിരിക്കുകയാണ്. പ്രത്യേകിച്ച് മുഹമ്മദ് മുസ്തഫ (സ) യുടെ ഭാര്യമാരും, അദ്ദേഹത്തിന്റെ ശിഷ്യപ്രവാചകന്മാരായി വിധിനാൾ വരേക്കും വന്നുകൊണ്ടിരിക്കുന്ന പ്രവാചകന്മാരുടെ ഭാര്യമാരും അവരുടെ അനുയായികളുടെ മാതാക്കളായിരിക്കും.)

**പ്രവാചകൻ സത്യവിശ്വാസികളുമായി അവരുടെ സ്വന്തം ആളുകളെക്കാൾ കൂടുതൽ അടുത്ത ആളാണ് അദ്ദേഹത്തിന്റെ ഭാര്യമാർ അവരുടെ മാതാക്കളുമാകുന്നു.** (33: 7)

ഈ വസ്തുതകൾ മനസ്സിൽ വെച്ചുകൊണ്ട് ഒരിക്കൽ കൂടി ഈ വചനം നിങ്ങൾ അപഗ്രഥിക്കുമ്പോൾ (33: 41) അല്ലാഹു (ത) പറഞ്ഞത് എന്താണെന്ന് നിങ്ങൾക്കു മനസ്സിലാകുന്നതാണ്. മുഹമ്മദ് നിങ്ങളിൽ ഒരു പുരുഷന്റെയും പിതാവല്ല അല്ലാഹു ഇവിടെ ഭൗതികമായ പിതൃത്വം മുഹമ്മദ് (സ) ന് നിഷേധിക്കുന്നു. എന്നാൽ അല്ലാഹു **എന്നാൽ** എന്ന പദമുപയോഗിച്ച് ഈ നഷ്ടം നികത്തികൊടുക്കുന്നു. അല്ലാഹുവിന്റെ ദൂതൻ എന്ന നിലയിൽ ഒരു സമുദായത്തിന്റെ പിതാവാണദ്ദേഹം, മാത്രമല്ല പ്രവാചകന്മാരുടെയും പിതാവാണദ്ദേഹം എന്ന് പ്രവാചകന്മാരുടെ മുദ്രയാണ് എന്ന സംയുക്ത പദത്തിലൂടെ വ്യക്തമാക്കുകയും ചെയ്യുന്നു. ഇവിടെ ഉപയോഗിച്ചിരിക്കുന്ന സീൽ, ഖാത്തം, എന്ന വാക്ക്- ഒരു കാരണവശാലും അവസാനത്തേത് എന്ന് അർത്ഥം കൊടുക്കാവതല്ല. കാരണം ഈ വാചകത്തിന്റെ ഒന്നാം ഭാഗത്തിൽ ഭൗതിക പുത്രന്മാരില്ല എന്ന നിഷേധവും, രണ്ടാം ഭാഗത്ത് ആത്മീയ പുത്രന്മാർ ഉണ്ട് എന്ന അനുകൂല പ്രസ്താവനയും ഒഴിച്ചുകൂടാൻ പാടില്ലാത്തവസ്തുതയാണ്. **എന്നാൽ** എന്ന പ്രയോഗത്തിൽ ഒരു നിഷേധവും ഒരു അനുകൂലവും ഉണ്ടാകൽ നിർബന്ധമാണ്. അതിനാൽ മനുഷ്യ സമുദായത്തോട് അല്ലഹു (ത) പറയുവാൻ ആഗ്രഹിച്ചത്, മുഹമ്മദ്, ഭൗതികനിലയിൽ നിങ്ങളിൽ ഒരു പുരുഷന്റെയും പിതാവല്ലെങ്കിലും, ഒരു സമുദായത്തിന്റെ മുഴുവൻ ആത്മീയ പിതാവാകുന്നു. അതിനേക്കാൾ ഉപരി അദ്ദേഹം പ്രവാചകന്മാരുടെ പിതാവാകുന്നു. അതായത് അദ്ദേഹത്തിന്റെ ആത് മീയ പുത്രന്മാരിൽ പ്രവാചകന്മാർവരെ ഉണ്ടാകും എന്നർത്ഥം.

മനസ്സിലാക്കേണ്ട മറ്റൊരുകാര്യം, ഓരോ പ്രവാചകനും തങ്ങളുടെ അനുയായികളുടെ ആത്മീയ പിതാവാകുന്നു. പ്രസ്തുത വചനത്തിലെ അല്ലാഹുവിന്റെ ദൂതൻ എന്നവാക്ക് (33:41) മറ്റു പ്രവാചകന്മാരെ പോലെ അദ്ദേഹം തന്റെ സമുദായത്തിന്റെ ആത്മീയ പിതാവാകുന്നു എന്നു മാത്രമാണ്. എന്നാൽ അടുത്ത വാക്കിലൂടെ (ഖത്തമുന്നബിയ്യീൻ) മറ്റെല്ലാ പ്രവാചകന്മാരേക്കാളും സമുന്നത പദവിയിലേക്കു അദ്ദേഹത്തെ ഉയർത്തുകയാണ്. അതായത് പ്രവാചകന്മാരുടെ പിതാവ് എന്ന മഹോന്നത സ്ഥാനത്തേക്ക് .

## 7. മൗലാനാ മുഹമ്മദ് ഖാസിം നാനോത്വി വിവരിക്കുന്നു.

**സാധാരണ ആളുകൾ വിചാരിക്കുന്നത് പരിശുദ്ധ പ്രവാചകൻ (സ) ഖാത്തം ആണ് എന്നു പറഞ്ഞാൽ അവസാനത്തെ പ്രവാചകനാണെന്നാണ്. ആദ്യത്തേത് അല്ലെങ്കിൽ അവസാനത്തേത്, അല്ലെങ്കിൽ കാലം പരിഗണിക്കുമ്പോൾ അവസാനത്തേത് എന്നതിലൊന്നും പ്രത്യേകിച്ച് പ്രാധാന്യം ഒന്നുമില്ല എന്ന് ചിന്തിക്കുന്നവർക്കു മനസ്സിലാകും. ഈ നിലയിൽ ചിന്തിക്കുമ്പോൾ, അദ്ദേഹത്തെ പുകഴ്ത്തി പറയുന്നതിനായി , എന്നാൽ അദ്ദേഹം**

**അല്ലാഹുവിന്റെ ദൂതനാണ്, അന്ത്യപ്രവാചകനാണ് എന്ന് അർത്ഥം കൊടുക്കുന്നത് ശരിയായിരിക്കില്ല. ഈ വചനത്തിന്റെ യഥാർത്ഥ അർത്ഥം – വിശുദ്ധ പ്രവാചകന് ഒരു നിലയിലും ഒരു പുരുഷന്റെയും പിതൃത്വം ഉണ്ടായിരിക്കില്ല എന്നാൽ അദ്ദേഹത്തിന് തന്റെ അനുയായികളുടെ ആത്മീയ പിതൃത്വവും താനുമായി ചേർന്നു നില്ക്കുന്ന പ്രവാചകന്മാരുടെ പിതൃത്വവും ഉണ്ടായിരിക്കും എന്നു തന്നെയാണ്. (തഫ്സീറുന്നാസ് പേജ്കൾ 2, 10 നോക്കുക).**

പരിപൂർണ്ണ ശരീഅത്തുവാഹകനായ ഇസ്ലാമിന്റെ പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ (സ)ന് ഈ ഖാത്തം, സീൽ നൽകുന്നതിലൂടെ എത്ര മഹത്തായ സ്ഥാനമാണ് നല്കിയിരിക്കുന്നത്. പ്രവാചകന്മാരുടെ പ്രവാചക മുഖ്യനായ അദ്ദേഹം അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഒരു മനുഷ്യന് കടന്നു ചെല്ലാൻ കഴിയുന്ന ഏറ്റവും മഹോന്നതമായ സ്ഥാനത്തെത്തിയ പ്രവാചകൻ, മാനവ സമൂഹത്തിന് എക്കാലവും പിന്തുടരുവാനുള്ള മഹാനായ മാതൃകാ പുരുഷൻ, അത്തരത്തിലുള്ള മാതൃകയാണ് മാനവലോകം പിന്തുടരേണ്ടത്. അദ്ദേഹത്തെ പിന്തുടരുന്നവർ, അദ്ദേഹത്തിന്റെ അധ്യാപനങ്ങളെ പ്രവർത്തി പഥത്തിൽ കൊണ്ടുവരുക, അപ്പോൾ അത്തരത്തിലുള്ളവരെ, പരമോന്നതനായ അല്ലാഹു, അദ്ദേഹത്തെ അനുസരിക്കുന്നതിലൂടെ, പ്രവാചകത്വ പദവി വരെ ഉയർത്തുന്നതാണ്. സ്വയം പൂർണ്ണതയിലെത്താൻ ശ്രമിക്കുന്ന മാനവന്, എന്നും വിശുദ്ധ പ്രവാചകൻ, ഒരുത്തേജനമായിരിക്കും ഇസ്ലാമിൽ നട്ടുവളർത്തിയിരിക്കുന്ന പ്രവാചകത്വത്തിന്റെ സൽഫലങ്ങൾ എത്തിപ്പിടിക്കുവാൻ തന്റെ അനുയായികൾ അഹമഹമിയാ പരിശ്രമിക്കേണ്ടതാണ്, മാനവകുലത്തിനും പ്രവാചകന്മാർക്കും അദ്ദേഹം എപ്രകാരം ആത്മീയ പിതാവായോ, ആ ആത്മീയ പിതാവിൽ നിന്നും, ആത്മീയ സൽഫലങ്ങൾ കൊയ്തെടുക്കുവാൻ മാനവരാശി പരിശ്രമിക്കേണ്ടതാണ്. ലോകത്തിനു മുമ്പിൽ അദ്ദേഹം സമർപ്പിച്ചത് ഭൗതിക പുത്രന്മാരെയും ഭൗതിക ഫലങ്ങളെയും ആയിരുന്നില്ല.

എന്റെ പ്രിയരായ എല്ലാ അനുയായികൾക്കും, സത്യാന്വേഷകർക്കും ഈ സത്യം ഗ്രഹിക്കുവാനുള്ള തൗഫീഖ് ലഭിക്കട്ടെ! സമ്പൂർണ്ണ മാതൃകാ പുരുഷനും, ആത്മീയ പിതാവുമായ ഹസ്രത് മുഹമ്മദ് (സ) നെ എല്ലാ അർത്ഥത്തിലും പിന്തുടരുവാൻ അല്ലാഹു അനുഗ്രഹിക്കട്ടെ. മുഹമ്മദ് മുസ്തഫ (സ) വഫാത്തായെങ്കിലും അദ്ദേഹത്തിന്റെ അധ്യാപനങ്ങൾ നാമ്മോടൊപ്പം ജീവിക്കുകയാണ്,നമ്മൾ ഈ ലോകത്ത് താത്ക്കാലികമാണ്, അല്ലാഹു വെളിപ്പെടുത്തിയ സത്യത്തെ മുറുകെ പിടിച്ച് പിന്തുടരേണ്ടതു നമ്മുടെ കടമയാണ്. നമ്മിൽ ശ്വാസം ഉള്ളടത്തോളം കാലം അല്ലാഹു വെളിപ്പെടുത്തിയ സത്യത്തെ ഉദ്ഘോഷിക്കുവാൻ അവൻ സഹായിക്കട്ടെ. ഇൻശാ – അല്ലാഹ് – ആമീൻ

Translated & Issued By
***R. Jamaludin Raother***
***Amir***

*Jamaat-Ul-Sahih-Al-Islam, Kerala*
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*
*email : muhyiuddin@jamaat-ul-sahih-al-islam.com*